**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5316** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസുകളുടെ സമയക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകളിൽ, സർവീസ് ആരംഭിക്കുന്നതിനു മുൻപ് ബസിന്റെ ടെക്നിക്കൽ കണ്ടിഷൻ പരിശോധിക്കാത്തതിനാൽ സ്ഥിരമായി യാത്രക്കിടെ ബസ് ബ്രേക്ക്ഡൗൺ ആകുന്നതും പ്രഖ്യാപിത സ്റ്റോപ്പുകൾ കൂടാതെ കൂടുതൽ സ്റ്റോപ്പുകളിൽ ബസ്സുകൾ നിർത്തുന്നത് ഉൾപ്പെടെയുള്ള കാരണങ്ങളാൽ യാത്രാ സമയം അധികരിക്കുന്നതുമായ സ്ഥിതിവിശേഷം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ ഏതെങ്കിലും സാഹചര്യത്തിൽ ബ്രേക്ക്ഡൗൺ ആവുകയാണെങ്കിൽ തൊട്ടടുത്ത ഡിപ്പോയിൽ നിന്നും പകരം സംവിധാനം ഒരുക്കുന്നതിനോ ഇതേ റൂട്ടിലുള്ള മറ്റ് ബസ്സുകളിൽ യാത്രാ സൗകര്യം ക്രമീകരിക്കുന്നതിനോ നിർദ്ദേശം നൽകിയിട്ടുള്ളതും അത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>കെ.എസ്.ആർ.ടി.സി. റണ്ണിംഗ് ടൈം നിശ്ചയിച്ചിരിക്കുന്നത് ശരാശരി വേഗതയുടെ അടിസ്ഥാനത്തിലാണ്. കൂടാതെ നിയമപ്രകാരമുള്ള വിശ്രമത്തിനും യാത്രക്കിടയിൽ യാത്രക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനും മറ്റുമുള്ള സമയക്രമവും പ്രായോഗികമായി നൽകിയാണ് ദീർഘദൂര സർവ്വീസുകളുടെ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. ആയതുകൊണ്ട് തന്നെ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും വിശിഷ്യാ സ്ത്രീകളുടെയും പ്രായമായവരുടെയും സൗകര്യത്തിനായി സൂപ്പർ ഫാസ്റ്റ് വരെയുള്ള ബസ്സുകൾ അധികമായി നിർത്തി നൽകുന്നത് യഥാർത്ഥ സമയക്രമത്തെ യാതൊരു തരത്തിലും ദോഷകരമായി ബാധിക്കുകയില്ലാത്തതാണ്.<br><br>കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകളിൽ, സർവീസ് ആരംഭിക്കുന്നതിനു മുൻപ് ബസിന്റെ ടെക്നിക്കൽ കണ്ടിഷൻ പരിശോധിക്കാത്തതിനാൽ സ്ഥിരമായി ബ്രേക്ക്ഡൗൺ ആകുന്ന സ്ഥിതി വിശേഷം ഇല്ല. സർവ്വീസിനായി ബസ്സുകൾ സജ്ജമാക്കുമ്പോൾ വാഹന നിർമ്മാതാക്കൾ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എല്ലാവിധ periodic maintenance-ഉം നിർവ്വഹിച്ചാണ് നൽകുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾ മെയിന്റനൻസിന്റെ അപാകതമൂലം ബ്രേക്ക്ഡൗൺ |

| | | | |
|---|---|---|---|
| | | | ആകുന്ന സാഹചര്യങ്ങളിൽ വിശദാന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ദീർഘദൂര സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ പോലും സമയക്രമം പാലിച്ചു പ്രഖ്യാപിത സ്റ്റോപ്പുകളിൽ മാത്രം സ്റ്റോപ്പനുവദിച്ച് ടെക്നിക്കൽ കണ്ടിഷൻ പരിശോധിച്ച് സർവീസ് നടത്തുന്ന ഈ കാലഘട്ടത്തിൽ കെ. എസ്. ആർ. ടി. സി. ബസുകൾ യാത്രാസമയക്രമം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ ഏതെങ്കിലും സാഹചര്യത്തിൽ ബ്രേക്ക്ഡൗൺ ആവുകയാണെങ്കിൽ തൊട്ടടുത്ത ഡിപ്പോയിൽ നിന്നും പകരം സംവിധാനം ഒരുക്കുന്നതിനോ ഇതേ റൂട്ടിലുള്ള മറ്റ് ബസ്സുകളിൽ യാത്രാ സൗകര്യം ക്രമീകരിക്കുന്നതിനോ നിർദ്ദേശം നൽകിയിട്ടുള്ളതും അത് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി. റണ്ണിംഗ് ടൈം നിശ്ചയിച്ചിരിക്കുന്നത് ശരാശരി വേഗതയുടെ അടിസ്ഥാനത്തിലാണ്. കൂടാതെ നിയമപ്രകാരമുള്ള വിശ്രമത്തിനും യാത്രക്കിടയിൽ യാത്രക്കാർക്ക് ഭക്ഷണം കഴിക്കുന്നതിനും മറ്റുമുള്ള സമയക്രമവും പ്രായോഗികമായി നൽകിയാണ് ദീർഘദൂര സർവ്വീസുകളുടെ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. ആയതുകൊണ്ട് തന്നെ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും വിശിഷ്യാ സ്ത്രീകളുടെയും പ്രായമായവരുടെയും സൗകര്യത്തിനായി സൂപ്പർ ഫാസ്റ്റ് വരെയുള്ള ബസ്സുകൾ അധികമായി നിർത്തി നൽകുന്നത് യഥാർത്ഥ സമയക്രമത്തെ യാതൊരു തരത്തിലും ദോഷകരമായി ബാധിക്കുകയില്ലാത്തതാണ്.<br><br>കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകളിൽ, സർവീസ് ആരംഭിക്കുന്നതിനു മുൻപ് ബസിന്റെ ടെക്നിക്കൽ കണ്ടിഷൻ പരിശോധിക്കാത്തതിനാൽ സ്ഥിരമായി ബ്രേക്ക്ഡൗൺ ആകുന്ന സ്ഥിതി വിശേഷം ഇല്ല. സർവ്വീസിനായി ബസ്സുകൾ സജ്ജമാക്കുമ്പോൾ വാഹന നിർമ്മാതാക്കൾ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം എല്ലാവിധ periodic maintenance-ഉം നിർവ്വഹിച്ചാണ് നൽകുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾ മെയിന്റനൻസിന്റെ അപാകതമൂലം ബ്രേക്ക്ഡൗൺ ആകുന്ന സാഹചര്യങ്ങളിൽ വിശദാന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ